**വിവരാവകാശം**

**നമ്പർ: പിഐ-1437/11.**

**വിനോദ സഞ്ചാര വകുപ്പ്.**
തിരുവനന്തപുരം.
തീയതി :23/02/2011.

പ്രേക്ഷിതൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ.എം.പി.ശിവദത്തൻ
മാവുങ്കൽ വീട്,
കുമ്പളങ്ങി. പി.ഒ
കൊച്ചി - 7

സർ,

***വിഷയം: ടൂറിസം വകുപ്പ് - വിവരാവകാശ നിയമം - മറുപടി നൽകുന്നത് - സംബന്ധിച്ച്.***
***സൂചന : താങ്കളുടെ 17/01/11 ലെ അപേക്ഷ.***

മേൽ സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചോദ്യ നമ്പർ ക്രമത്തിൽ ചുവടെ ചേർക്കുന്നു.

1. 2008-2009 വർഷത്തിൽ 132.89 കോടി രൂപയും 2009-2010ൽ 95.32 കോടി രൂപയും 2010-2011 ൽ ഇതുവരെ 70 കോടി രൂപയും കേരളത്തിലെ ടൂറിസം പ്രമോട്ടു ചെയ്യാൻ ചെലവഴിച്ചിട്ടുണ്ട്. ഹോം സ്റ്റേകൾ പ്രമോട്ടു ചെയ്യുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് പ്രസിദ്ധീകരിക്കുന്ന ബ്രോഷറുകളിലും, സി.ഡികളിലും മറ്റും ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ചേർക്കുകയും അതുവഴി പ്രമോട്ടു ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ് വഴിയും പ്രചാരണം നടത്തി വരുന്നു. കൂടാതെ ഹോംസ്റ്റേ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ബ്രോഷർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുക നൽകിയിട്ടില്ല. ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹോംസ്റ്റേ പ്രമോട്ടു ചെയ്യുന്നതിനായി അംഗീകാരമുള്ള ഹോം സ്റ്റേകളെ ടൂറിസം ഫെയറുകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഹോംസ്റ്റേ പ്രമോട്ടു ചെയ്യാൻ മാത്രം പ്രചാരണ പരിപാടികൾക്ക് തുക ഒന്നും ചെലവഴിച്ചിട്ടില്ല.

2. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മഹീന്ദ്രാ ഹോളിഡേയ്സ് & റിസോർട്ട്സ് ഇൻഡ്യാ ലിമിറ്റഡ് എന്ന സ്ഥാപനവുമായി. 5 വർഷത്തെ കാലാവധിക്ക്. തുക ഒന്നും നൽകിയിട്ടില്ല.

<u>അപ്പലറ്റ് അതോറിറ്റി:</u>

ശ്രീ.ആർ.സോമൻ
ജോയിന്റ് ഡയറക്ടർ
ടൂറിസം വകുപ്പ്, തിരുവനന്തപുരം
(ഫോൺ: 0471-2560407)

വിശ്വസ്തതയോടെ,

**ജോയികുട്ടി ജോർജ്**
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ടൂറിസം വകുപ്പ് (ഫോ: 0471-2560428)

H UCP